ഉൽപ്പന്നത്തിൽ ചെറിയ രീതിയിൽ സംരംഭങ്ങൾ നടത്തുന്നവർക്ക് കൂടുതൽ നിക്ഷേപം നടത്തി സംരംഭത്തെ മികച്ച രീതിയിലേക്ക് മാറ്റുന്നതിന് PMFME പദ്ധതി വഴി സാധിക്കുന്നതാണ്.

**പരമ്പരാഗത വ്യവസായം സംരക്ഷിക്കുന്നതിന് നടപടി**

130 (3562) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം പരമ്പരാഗത വ്യവസായ മേഖലയിൽ മുതൽമുടക്കിയിട്ടുള്ളവരും തൊഴിലാളികളും നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പഠനം നടത്തിയിട്ടില്ല.

(ബി) പ്രസ്തുത മേഖലയുടെ തകർച്ച നിലവിലെ സ്ഥിതിയിൽ തുടരുന്നത് വൻസാമ്പത്തിക ദുരന്തത്തിന് കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സമസ്ത മേഖലകളെയും ബാധിച്ചതുപോലെ പരമ്പരാഗത വ്യവസായ മേഖലയിലും സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് കോവിഡ് പ്രതിസന്ധി കാരണമായിട്ടുണ്ട്. കൈത്തറി മേഖലയിൽ കൂടുതൽ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡിന്റെ ഒന്നാം വ്യാപനം കയർ മേഖലയെ ബാധിച്ചിരുന്നില്ല. കോവിഡ് വ്യാപനഘട്ടത്തിലും കയർമേഖലയിൽ വളർച്ചയുണ്ടായകാര്യം സംസ്ഥാന പ്ലാനിംഗ് ബോർഡ് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ രണ്ടാംതരംഗം കയർപിരി മേഖലയെയും ഉല്പന്നമേഖലയെയും എറെക്കുറെ ബാധിച്ചു. കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സംഘങ്ങളോടൊപ്പം തന്നെ യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വീടുകളിൽ കയർഫെഡ് മുഖേന ചകിരി എത്തിച്ചു കൊടുത്തു. കോവിഡ് നിയന്ത്രണങ്ങളിലെ ഇളവുകൾ പരമാവധി പ്രയോജനപ്പെടുത്തി തൊഴിലുറപ്പ് പദ്ധതി സജീവമാകുന്നതോടെ കയർ സ്റ്റോക്കുള്ളത് ദ്രവ്യമാക്കി മാറ്റി വിനിയോഗിക്കാനാകും. കോവിഡ് പശ്ചാത്തലത്തിൽ പരമാവധി സർക്കാർ ഇടപെടൽ നടത്തി കയർ വ്യവസായ രംഗത്തെ സഹായിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കേരള കയർ തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കയർ തൊഴിലാളികൾക്ക് ലോക്ക്ഡൗൺ ആശ്വാസമായി 1000 രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ കോവിഡ് ബാധിതരായ തൊഴിലാളികൾക്ക് 4000 രൂപയുടെ പ്രത്യേക ധനസഹായം 2020-21 വർഷം നല്കിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിട്ട കയർ തൊഴിലാളികളെയും കയർ സഹകരണ സംഘങ്ങളെയും സംരക്ഷിക്കുന്നതിനായി കയർ കടാശ്വാസ പദ്ധതിയും നടപ്പിലാക്കുകയുണ്ടായി.

(സി) കോവിഡ്മൂലം ദുരിതത്തിലായ പ്രസ്തുത മേഖലയിലെ വ്യവസായങ്ങളുടെയും തൊഴിലാളികളുടെയും സംരക്ഷണത്തിനായി പാക്കേജ് പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കോവിഡ്-19 കാരണം പ്രതിസന്ധിയിലായ പരമ്പരാഗത വ്യവസായ മേഖല കൂടി ഉൾപ്പെടുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രത പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and Working capital loan പദ്ധതി പ്രകാരം 01-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term loan/ Working Capital) പരമാവധി 30000 രൂപ മുതൽ 60000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

### പരമ്പരാഗത വ്യവസായ മേഖലകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി

131(3563) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലകളായ കയർ, കൈത്തറി എന്നിവ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായ മേഖലയായ കയർ വ്യവസായ രംഗത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly